**കേരളസർക്കാർ**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001,

ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, www.prd.kerala.gov.in

---

**പ്രത്യേകപത്രക്കുറിപ്പ്** ‘ഭരണഭാഷ-മാതൃഭാഷ’ **2015 ജൂലൈ 9 വ്യാഴം**




## നെഹ്റു ട്രോഫി ഭാഗ്യചിഹ്നമത്സരം: എൻട്രികൾ ജൂലൈ 16 വരെ സമർപ്പിക്കാം

അറുപത്തി മൂന്നാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗ്യചിഹ്നം നിശ്ചയിക്കാൻ പബ്ലിസിറ്റി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തുന്ന മത്സരത്തിന് ജൂലൈ 16നു വൈകിട്ട് 4.30 വരെ എൻട്രികൾ സമർപ്പിക്കാം. എ-4 സൈസ് ഡ്രോയിങ് പേപ്പറിൽ മൾട്ടി കളറിലാണ് ഭാഗ്യചിഹ്നം തയ്യാറാക്കേണ്ടത്.

സൃഷ്ടികൾ മൗലികമായിരിക്കണം. എൻട്രികൾ അയയ്ക്കുന്ന കവറിൽ ‘63-ാമത് നെഹ്റു ട്രോഫി ജലമേള- ഭാഗ്യചിഹ്നമത്സരം’ എന്നു രേഖപ്പെടുത്തിയിരിക്കണം. ഒരാൾ ഒരു എൻട്രിയേ സമർപ്പിക്കാവൂ. ഒന്നിലധികം എൻട്രികൾ അയച്ചാൽ ആ വ്യക്തിയുടെ എൻട്രികൾ വിധിനിർണയത്തിന് പരിഗണിക്കില്ല. പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ പ്രത്യേകം പേപ്പറിൽ എഴുതി എൻട്രിക്കൊപ്പം സമർപ്പിക്കണം. അയയ്ക്കുന്ന ചിത്രത്തിലോ മറുപുറത്തോ ഇവ രേഖപ്പെടുത്തരുത്. കമ്പ്യൂട്ടറുകളിൽ തയാറാക്കിയ എൻട്രികളും സ്വീകരിക്കും.

തിരഞ്ഞെടുക്കപ്പെടുന്ന രചനയ്ക്ക് 5,001 രൂപ പുരസ്കാരം നൽകും. സൃഷ്ടികൾ മൗലികമല്ലെന്നു ബോധ്യപ്പെട്ടാൽ എൻട്രികൾ ഏതവസരത്തിലും തള്ളിക്കളയാനുള്ള അധികാരവും സമ്മാനാർഹമായ രചനയുടെ പൂർണ അവകാശവും നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. വിധിനിർണയസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

എൻട്രികൾ കൺവീനർ, നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റി, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, ആലപ്പുഴ -688 001 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരത്തിന് 0477 2251349 എന്ന ഫോണിൽ ബന്ധപ്പെടുക.

(പി.എൻ.എ. 1564/2015)

//അവസാനിച്ചു//